മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സുൽത്താൻ ബത്തേരി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ

ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസിൽ നിന്നും

No. 180/2026

നമ്മുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളി വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും പ്രത്യേകാൽ പ്രാർത്ഥനയോഗ ഭാരവാഹികളും 'ചാരെ' യുടെ പ്രവർത്തകരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ ആത്മീയ ജീവിതത്തിന് പ്രചോദനം നൽകുന്ന പ്രാർത്ഥനായോഗത്തിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി തീരുന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നമ്മുടെ ഭദ്രാസനത്തിലും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിൽ സന്തോഷിക്കുന്നു; ഏവരെയും അനുമോദിക്കുന്നു.

ഭദ്രാസന പ്രാർത്ഥനായോഗത്തിന്റെ വാർഷിക സമ്മേളനം 2026 ഒക്ടോബർ മാസം 20-ന് ചൊവ്വാഴ്ച നമ്മുടെ അമ്പായത്തോട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെടുകയാണ്. സമ്മേളനത്തിന് നാമും ഭദ്രാസന-കേന്ദ്ര ഭാരവാഹികളും നേതൃത്വം നൽകുന്നതാണ്. സമ്മേളനം രാവിലെ 9.30-ന് തുടങ്ങി ഉച്ചയോടുകൂടി സമാപിക്കുന്നതാണ്. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിൽ നിന്നും വിശ്വാസികൾ ഈ സമ്മേളനത്തിൽ വന്ന് സംബന്ധിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ഭദ്രാസന-ഡിസ്ട്രിക്ട് ഭാരവാഹികൾ നിശ്ചയമായും സംബന്ധിക്കുമല്ലോ.

വാർഷിക സമ്മേളനത്തിന്റെ നടത്തിപ്പിലേക്കായി ഒരു നിശ്ചിത തുക ഓരോ ഡിസ്ട്രിക്കുകളിൽ നിന്നും നൽകുവാൻ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ ?

ഈ സമ്മേളനത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി ഏവരും പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരുടെയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

2026 സെപ്റ്റംബർ മാസം 19-ന്
നിർമ്മലഗിരി അരമനയിൽനിന്നും

Barnabas

ഡോ.ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത